ഭരണഭാഷ - മാതൃഭാഷ

# അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം : - നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകന്റെ കാര്യാലയം -തിരുവനന്തപുരം- ജീവനകാര്യം- ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

---

**എസ്റ്റാബ്ലിഷ്മെൻറ് സെക്ഷൻ**

ഉത്തരവ് നമ്പർ. A2/8997/17 തീയതി : 25/07/2019

---

പരാമർശം :- 1. G.O (P) No. 7/16/Fin തീയതി. 20.01.2016

2. കോട്ടയം നഗരാസൂത്രകന്റെ 16.07.2019-ലെ എ/1137/2019 നമ്പർ കത്ത്.

## ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിൽ ജൂനിയർ സൂപ്രണ്ടുമാരുടെ 11 തസ്തികകളാണ് നിലവിൽ ഉള്ളത്. പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിലെ ജൂനിയർ സൂപ്രണ്ട് മാരിൽ 1/3 ഭാഗം പേർക്ക് റേഷ്യോ ഹയർഗ്രേഡ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ആയതിൻപ്രകാരം നിലവിൽ വകുപ്പിലെ മൂന്ന് ജൂനിയർ സൂപ്രണ്ട്മാർക്ക് റേഷ്യോ ഹയർ ഗ്രേഡിന് അർഹതയുണ്ട്. ആയത് പ്രകാരം ശ്രീ. ഷാജു പോൾ, ജൂനിയർ സൂപ്രണ്ട് വരെയുള്ളവർക്ക് മേൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. വകുപ്പിലെ ഹയർഗ്രേഡ് ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. എം. വിജയൻ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച് 27.12.2018 പൂർവ്വാഹ്നം കോഴിക്കോട് നഗരാസൂത്രണകാര്യാലയത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡിന്റെ ഒരു ഒഴിവ് നിലവിലുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പിൽ ഹയർ ഗ്രേഡ് ലഭിക്കാനുള്ള ജൂനിയർ സൂപ്രണ്ട് മാരിൽ ഏറ്റവും സീനിയറായ കോട്ടയം നഗരാസൂത്രണ കാര്യാലയത്തിലെ ശ്രീ. റ്റിനു.വി.പൗലോസിന് 27.12.2018 പൂർവ്വാഹ്നം മുതൽ 35700-75600 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,

**അസീം. എ**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ശ്രീ. റ്റിനു.വി.പൗലോസ്, ജൂനിയർ സൂപ്രണ്ട്
(കോട്ടയം നഗരാസൂത്രകൻ മുഖേന)

പകർപ്പ് :-

1. മുഖ്യനഗരാസൂത്രകൻ, കോട്ടയം
2. സി.എ മുഖേന മുഖ്യനഗരാസൂത്രക
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

S2672019